**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 629** **28-06-2022 - ൽ മറുപടിയ്ക്ക്**

**എടരിക്കോട് ടെക്സ്റ്റയിൽസ് ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് ടെക്സ്റ്റയിൽസിലെ ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ നൽകാതെ തടഞ്ഞുവച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കണമെന്നും ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിലായി ആകെ 484.44 ലക്ഷം രൂപയാണ് 28.02.2022തീയതി വരെ കുടിശ്ശികയായിട്ടുള്ളത്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്. എടരിക്കോട് ടെക്സ്റ്റൈൽസ് വർഷങ്ങളായി തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ്. തൊഴിൽ നിലനിർത്താനായി മാത്രമാണ് കഴിഞ്ഞ കുറേ വർഷങ്ങളായി സ്ഥാപനം പ്രവർത്തിപ്പിച്ചത്. മില്ല് വൻ നഷ്ടത്തിൽ ആയിരുന്നതിനാൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനായി അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിനാണ് മുൻഗണന നൽകിയത്. അല്ലാത്ത പക്ഷം സ്ഥാപനം പൂർണമായും നിർത്തിയിടുകയും ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുമായിരുന്നു. തൊഴിൽ നഷ്ടം ഉണ്ടാകാതെ വേതനം കൃത്യമായി നൽകാൻ കഴിയുന്ന തരത്തിൽ മില്ലിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. പിരിഞ്ഞുപോയ തൊഴിലാളി കൾക്ക് കൊടുക്കുവാനുള്ള ഗ്രാറ്റുവിറ്റി പ്രതിമാസം 2 പേർക്ക് വീതം കൊടുക്കുന്നുണ്ട്. മില്ലിന്റെ വരുമാന ലഭ്യതയ്ക്കനുസരിച്ച് ഏകദേശം 5 ലക്ഷം രൂപ ഗ്രാറ്റുവിറ്റി കൊടുത്തു തീർക്കാൻ നീക്കിവയ്ക്കുന്നുണ്ട്. 01.04.2019 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ പി.എഫ്, ഇ.എസ്.ഐ കുടിശ്ശികയിനത്തിൽ 1 കോടി 80 ലക്ഷം രൂപയോളം കൊടുത്തു തീർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | | | സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് മുൻഗണനാക്രമത്തിൽ വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് |
| (സി) | പ്രസ്തുത ജീവനക്കാരുടെ പ്രൊവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി എന്നിവ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ഗ്രാറ്റുവിറ്റി, പ്രൊവിഡന്റ് ഫണ്ട് എന്നീ ഇനങ്ങളിലായി ആകെ 484.44 ലക്ഷം രൂപയാണ് 28.02.2022തീയതി വരെ കുടിശ്ശികയായിട്ടുള്ളത്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരികയാണ്.<br><br>എടരിക്കോട് ടെക്സ്റ്റൈൽസ് വർഷങ്ങളായി തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ്. തൊഴിൽ നിലനിർത്താനായി മാത്രമാണ് കഴിഞ്ഞ കുറേ വർഷങ്ങളായി സ്ഥാപനം പ്രവർത്തിപ്പിച്ചത്. മില്ല് വൻ നഷ്ടത്തിൽ ആയിരുന്നതിനാൽ സ്ഥാപനത്തിന്റെ നിലനിൽപ്പിനായി അസംസ്കൃതവസ്തുക്കൾ വാങ്ങുന്നതിനാണ് മുൻഗണന നൽകിയത്. അല്ലാത്ത പക്ഷം സ്ഥാപനം പൂർണമായും നിർത്തിയിടുകയും ജീവനക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന അവസ്ഥ സംജാതമാകുകയും ചെയ്യുമായിരുന്നു. തൊഴിൽ നഷ്ടം ഉണ്ടാകാതെ വേതനം കൃത്യമായി നൽകാൻ കഴിയുന്ന തരത്തിൽ മില്ലിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. പിരിഞ്ഞുപോയ തൊഴിലാളി കൾക്ക് കൊടുക്കുവാനുള്ള ഗ്രാറ്റുവിറ്റി പ്രതിമാസം 2 പേർക്ക് വീതം കൊടുക്കുന്നുണ്ട്. മില്ലിന്റെ വരുമാന ലഭ്യതയ്ക്കനുസരിച്ച് ഏകദേശം 5 ലക്ഷം രൂപ ഗ്രാറ്റുവിറ്റി കൊടുത്തു തീർക്കാൻ നീക്കിവയ്ക്കുന്നുണ്ട്. 01.04.2019 മുതൽ 31.12.2021 വരെയുള്ള കാലയളവിൽ പി.എഫ്, ഇ.എസ്.ഐ കുടിശ്ശികയിനത്തിൽ 1 കോടി 80 ലക്ഷം രൂപയോളം കൊടുത്തു തീർത്തിട്ടുണ്ട്<br><br>സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനു സരിച്ച് മുൻഗണനാക്രമത്തിൽ വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ് |

സെക്ഷൻ ഓഫീസർ